LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി

95 (480) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ ഇവയെ ചരക്ക് സേവന നികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശത്തിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) പെട്രോളിനും ഡീസലിനും ഉപയോക്താക്കൾ നൽകുന്ന തുകയിൽ പകുതിയിലധികം കേന്ദ്ര-സംസ്ഥാന നികുതി ആണെന്നതിനാൽ ഇവയെ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തി പൊതുജനത്തെ സഹായിക്കുന്നതിനോടുള്ള സംസ്ഥാന നിലപാട് അറിയിക്കുമോ?

(എ&ബി) നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ-ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. അതായത് പെട്രോളിന്റെ കേന്ദ്ര നികുതിയും സെസ്സും ഏഴ് വർഷംകൊണ്ട് 247 ശതമാനവും ഡീസലിന്റേത് 793 ശതമാനവും വർദ്ധിച്ചു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻ വർദ്ധനവാണുണ്ടായത്. ഇത് പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്.